REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 19-05-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- ആറാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിൽ 49 സീറ്റുകളിൽ നാളെ വോട്ടെടുപ്പ്.
- ആധുനിക കേരളത്തിന്റെ ശിൽപ്പികളിൽ പ്രമുഖ സ്ഥാനം വഹിച്ച വ്യക്തിയാണ് E.K. നായനാരെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇന്ന് നായനാരുടെ 20-ാം ചരമ വാർഷികദിനം.
- സംസ്ഥാനത്ത് വ്യാപക മഴ മുന്നറിയിപ്പ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ഇന്നും നാളെയും ചുവപ്പ് ജാഗ്രതാ നിർദേശം.
- കാസർകോട്ട് ഒൻപതുകാരിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച കേസിൽ അന്വേഷണ ചുമതല കണ്ണൂർ സ്ക്വാഡിന്.
- IPL ക്രിക്കറ്റിൽ പ്ലേ ഓഫ് ചിത്രം തെളിഞ്ഞു.

## വാർത്തകൾ വിശദമായി

എട്ട് സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും 49 സീറ്റുകളിൽ നാളെ ജനവിധി. നിശബ്ദ പ്രചാരണത്തിന്റെ ദിവസമായ ഇന്ന് വോട്ടർമാരെ നേരിൽ കണ്ട് പരമാവധി വോട്ട് നേടാൻ സ്ഥാനാർത്ഥികളും പ്രവർത്തകരും അവസാന മണിക്കൂറുകളിലും ശ്രമം തുടരുകയാണ്.

**ഡെസ്ക് റിപ്പോർട്ട്**

**...........വോയ്സ്.........**

**ഉത്തർപ്രദേശിലെ 14ഉം, മഹാരാഷ്ട്രയിലെ 13 ഉം, പശ്ചിമബംഗാളിലെ ഏഴും, ഒഡീഷയിലെയും ബിഹാറിലെയും അഞ്ച് വീതം സീറ്റുകളിലും ഈ ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കും. ഝാർഖണ്ഡിലെ മൂന്നിടത്തും, ജമ്മുകശ്മീരിലെയും ലഡാക്കിലെയും ഓരോ സീറ്റിലുമാണ് നാളെ വോട്ടെടുപ്പ്. കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിംഗ്, സ്മൃതി ഇറാനി, പീയുഷ് ഗോയൽ, കോൺഗ്രസ് നേതാക്കളായ രാഹുൽ ഗാന്ധി, K.L ശർമ്മ, നാഷണൽ കോൺഫറൻസിന്റെ ഒമർ അബ്ദുള്ള, LJP-യിലെ ചിരാഗ് പസ്-വാൻ തുടങ്ങിയവർ നാളെ ജനഹിതം തേടുന്നവരാണ്.**

**ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ആറാം ഘട്ടത്തിൽ എട്ട് സംസ്ഥാനങ്ങളിൽ നിന്നും, കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമായി 889 സ്ഥാനാർത്ഥികൾ ജനഹിതം തേടും. ജമ്മുകശ്മീരിലെ മാറ്റിവെച്ച തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന 20 സ്ഥാനാർത്ഥികളും ഇവരിലുൾപ്പെടുന്നു. ഇന്നലെ മണ്ഡലങ്ങളിലെ സൂക്ഷ്മ പരിശോധന പൂർത്തിയായി. 58 മണ്ഡലങ്ങളിലാണ്  ഈ മാസം 25 ന് വോട്ടെടുപ്പ്.**

**ഉത്തർപ്രദേശിലെ 14, ഹരിയാനയിലെ പത്ത്, ബിഹാറിലെയും പശ്ചിമബംഗാളിലെയും എട്ട് വീതം സീറ്റുകൾ, ഡൽഹിയിലെ ഏഴ്, ഒഡീഷയിലെ ആറ്, ഝാർഖണ്ഡിലെ നാല്,**

ജമ്മുകശ്മീരിലെ ഒരു സീറ്റ് എന്നിവിടങ്ങളിലാണ് അടുത്ത ശനിയാഴ്ച തിരഞ്ഞെടുപ്പ്.

✪✪✪

ആറും ഏഴും ഘട്ടങ്ങളിലെ തിരഞ്ഞെടുപ്പിന് പ്രചാരണം അവസാന ലാപ്പിലേക്ക് നീങ്ങുകയാണ്. പ്രമുഖ മുന്നണികളുടെയും, പാർട്ടികളുടെയും താരപ്രചാരകർ പൊതുയോഗങ്ങളിലും, റോഡ്ഷോകളിലും പങ്കെടുത്ത് വോട്ട് ഉറപ്പിക്കുന്നു. മുതിർന്ന BJP നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ഇന്ന് പശ്ചിമബംഗാളിൽ മൂന്ന് പൊതുയോഗങ്ങളിൽ സംസാരിക്കും. പുരുളിയ, ബിഷ്ണുപ്പൂർ, ഖരക്പൂർ എന്നിവിടങ്ങളിലാണ് നരേന്ദ്രമോദിയുടെ പ്രചാരണ പരിപാടികൾ.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇതുവരെ കണക്കിൽ പെടാത്ത എണ്ണായിരത്തി 889 കോടി രൂപ പിടിച്ചെടുത്തിട്ടുണ്ടെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. മയക്കുമരുന്നുകളും സൈക്കോട്രോപിക് പദാർത്ഥങ്ങളമുൾപ്പെടെ വൻ തോതിൽ ലഹരി വേട്ട നടന്നെന്നും മൂവായിരത്തി 958 കോടി രൂപ വിലമതിക്കുന്ന മയക്കുമരുന്ന് ഇതു വരെ പിടികൂടിയിട്ടുണ്ടെന്നും കമ്മീഷൻ വ്യക്തമാക്കി. തെരഞ്ഞെടുപ്പ് പ്രചാരണം കൂടുതൽ ഊർജിതമാകുന്ന സമയമായതിനാൽ വോട്ടർമാരെ സ്വാധീനിക്കാൻ നടത്തുന്ന ശ്രമങ്ങൾ കമ്മീഷൻ സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്നും കമ്മീഷൻ അറിയിച്ചു.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പ് വോട്ടെണ്ണൽ ദിനമായ ജൂൺ നാലിന് വിജയാഹ്ലാദ പ്രകടനങ്ങൾ അതിരുവിടരുതെന്ന് കോഴിക്കോട് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് നിർദ്ദേശിച്ചു. ഇതുമായി ബന്ധപ്പെട്ട കർശന നിർദ്ദേശം രാഷ്ട്രീയ പാർട്ടികളുടെ താഴേത്തട്ടിലേക്ക് നൽകണമെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ കൂടിയായ കലക്ടർ ആവശ്യപ്പെട്ടു. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു കളക്ടർ.

ആഹ്ലാദ പ്രകടനങ്ങൾ ഒരു കാരണവശാലും രാത്രിയിലേക്ക് നീളരുതെന്നും, പടക്കങ്ങൾ ഒഴിവാക്കണമെന്നും യോഗത്തിൽ നിർദ്ദേശം നൽകി.

✪✪✪

ജനാധിപത്യവും മതേതരത്വവും പുലർത്തുന്ന ആധുനിക കേരളത്തിന്റെ ശിൽപികളിൽ പ്രമുഖ സ്ഥാനം വഹിച്ച വ്യക്തിയാണ് E.K. നായനാരെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ജാതീയവും വർഗപരവുമായ ഉച്ചനീചത്വങ്ങൾക്കെതിരെ കേരളം ഉയർത്തിയ ബദലുകൾക്ക് പിന്നിൽ നായനാരുടെ ചിന്തകൾക്കും പ്രയത്നങ്ങൾക്കും വലിയ പങ്കുണ്ടെന്നും മുഖ്യമന്ത്രി ഫേസ് ബുക്ക് പോസ്റ്റിൽ കുറിച്ചു. E.K. നായനാരുടെ രാഷ്ട്രീയ ജീവിതം സമര കേരളത്തിന്റെ ചരിത്രത്തിന്റെ ഭാഗമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

മുൻ മുഖ്യമന്ത്രി EKനായനാരുടെ ഇരുപതാം ചരമവാർഷിക ദിനം ഇന്ന് ആചരിക്കുന്നു. ദിനാചരണത്തിന്റെ ഭാഗമായി രാവിലെ കണ്ണൂർ പയ്യാമ്പലത്തെ സ്മൃതി മണ്ഡപത്തിൽ CPIM സംസ്ഥാന സെക്രട്ടറി M.V ഗോവിന്ദന്റെ നേതൃത്വത്തിൽ പുഷ്പാർച്ചന നടന്നു. തുടർന്ന് ബർണ്ണശേരിയിലെ നായനാർ അക്കാദമി ഓഡിറ്റോറിയത്തിൽ അനുസ്മരണ സമ്മേളനം ചേർന്നു. അക്കാദമിയിലെ നായനാർ മ്യൂസിയം പൊതുജനങ്ങൾക്ക് സന്ദർശനത്തിനായി തുറന്നു കൊടുത്തു.

✪✪✪

സോളാർ സമര വിഷയം അടഞ്ഞ അധ്യായമാണെന്ന് CPIM സംസ്ഥാന സെക്രട്ടറി M.V ഗോവിന്ദൻ പറഞ്ഞു. കണ്ണൂർ നായനാർ അക്കാദമിയിൽ മാധ്യമ പ്രവർത്തകരോട് സംസാരിക്കുയായിരുന്നു അദ്ദേഹം. വിഷയത്തിൽ പാർട്ടി നിലപാട് നേരത്തെ വ്യക്തമാക്കിയിട്ടുണ്ടെന്നും ജുഡീഷ്യൽ അന്വേഷണം അന്ന് ആവശ്യപ്പെട്ടപ്പോൾ മുഖ്യമന്ത്രി സമ്മതിക്കുകയായിരുന്നെന്നും ഇതോടെയാണ് സമരം അവസാനിപ്പിച്ചതെന്നും അദ്ദേഹം പറഞ്ഞു. അന്നത്തെ മുഖ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ടത് നടപ്പാക്കാത്തതിൽ വീഴ്ചകളൊന്നുമില്ലെന്നും M.V ഗോവിന്ദൻ വ്യക്തമാക്കി.

✪✪✪

അമേരിക്കയിൽ വാഹനാപകടത്തിൽ മരിച്ച ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് അധ്യക്ഷൻ മാർ അത്തനേഷ്യസ് യോഹാൻ മെത്രാപ്പൊലീത്തയുടെ ഭൗതിക ശരീരം വിലാപ യാത്രയായി

തിരുവല്ല  നിരണം സെന്റ് തോമസ് ബിലീവേഴ്സ് ചർച്ചിലേക്ക് കൊണ്ടു പോകുകയാണ്. പൊതുദർശനത്തിനു ശേഷം രാത്രി സഭാ ആസ്ഥാനത്ത് എത്തിക്കും. നാളെ സംസ്കാര ചടങ്ങുകൾ ആരംഭിക്കും. ഭൗതിക ശരീരം പുലർച്ചെയാണ് നെടുമ്പാശ്ശേരി വിമാനത്താവളത്തിലെത്തിച്ചത്.

✪✪✪

സംസ്ഥാനത്ത് ഇന്ന് മുതൽ ചൊവ്വാഴ്ച വരെ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്നും നാളെയും പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ അതിതീവ്ര മഴസാധ്യത മുൻനിർത്തി ചുവപ്പ് ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ ഇന്നും നാളെയും ഓറഞ്ച് ജാഗ്രതയാണ്.

മലയോര മേഖലകളിൽ രാത്രികാല യാത്രയ്ക്ക് നിരോധനം ഏർപ്പെടുത്തി. ശക്തമായ കാറ്റും മോശം കാലാവസ്ഥയും കണക്കിലെടുത്ത് ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നത് വരെ കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

മലയോര മേഖലകളിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, മലവെള്ളപ്പാച്ചിൽ സാധ്യത നിലനിൽക്കുന്നതിനാൽ പത്തനംതിട്ട ഗവിയടക്കം വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് പ്രവേശനമുണ്ടാകില്ല.

തമിഴ്നാട്ടിലെ വിവിധയിടങ്ങളിൽ കനത്ത മഴ പെയ്തതിനെ തുടർന്ന് ഊട്ടിയടക്കം വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് നാളെ വരെ യാത്ര വിലക്കി.

✪✪✪

കോഴിക്കോട് പന്തീരാങ്കാവിലെ ഗാർഹിക പീഡനക്കേസിൽ പ്രതിയായ ഭർത്താവ് രാഹുൽ ഉപയോഗിച്ച കാർ പൊലിസ് കസ്റ്റഡിയിലെടുത്തു. രാഹുലിനെ കണ്ടെത്താൻ ശ്രമങ്ങൾ നടക്കുകയാണ്. ഇതിന്റെ ഭാഗമായി ബ്ലൂ കോർണർ നോട്ടീസിന്റെ തുടർനടപടികൾ തുടങ്ങി. രാഹുൽ ജർമനിയിലേക്ക് കടന്നതായാണ് നിഗമനം. രാഹുലുമായി ബന്ധമുണ്ടെന്ന് സംശയിക്കുന്ന പൊലീസ് ഉദ്യോഗസ്ഥനെതിരെ വകുപ്പ് തല നടപടിയെടുത്തു. കേസിൽ രാഹുലിന്റ കുടുംബാംഗങ്ങൾ മുൻകൂർ ജാമ്യപേക്ഷയുമായി കോടതിയെ സമീപിച്ചിട്ടുണ്ട്.

✪✪✪

കാസർകോട് ഹോസ്ദുർഗ് പൊലീസ് സ്റ്റേഷൻ പരിധിയിൽ വീട്ടിൽ ഉറങ്ങികിടക്കുകയായിരുന്ന ഒമ്പതു വയസസുകാരിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച സംഭവത്തിന്റെ അന്വേഷണ ചുമതല കണ്ണൂർ സ്ക്വാഡിനെ ഏൽപ്പിച്ചു. സംഭവം നടന്ന് ദിവസങ്ങളായിട്ടും പ്രതിയെക്കുറിച്ച് സൂചന പോലും പൊലീസിന് ലഭിച്ചില്ല.

കൂടുതൽ വിവരങ്ങളായി കാസർകോട് ജില്ലാ പ്രതിനിധി പി.ജഗന്നിവാസൻ.

...........വോയ്സ്...........

✪✪✪

IPL ക്രിക്കറ്റിൽ പ്ലേ ഓഫ് ചിത്രം തെളിഞ്ഞു. ഇന്നലെ റോയൽ ചാലഞ്ചേഴ്സ് ബംഗളുരു, ചെന്നൈ സൂപ്പർ കിംഗ്സിനെ തോൽപ്പിച്ച് പ്ലേ ഓഫിൽ കടന്നു. ഇതോടെ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, രാജസ്ഥാൻ റോയൽസ്, സൺ റൈസേഴ്സ് ഹൈദരബാദ്, ബംഗളുരു റോയൽ ചലഞ്ചേഴ്സ് എന്നിങ്ങനെ പ്ലേ ഓഫ് ലൈനപ്പായി.

മറ്റന്നാളാണ് പ്ലേ ഓഫ് മത്സരങ്ങൾ ആരംഭിയ്ക്കുന്നത്.

✪✪✪

സംസ്ഥാന വനിതാ ചെസ്സ് ചാമ്പ്യൻഷിപ്പിൽ നാലു പോയിന്റുമായി തിരുവനന്തപുരത്തിന്റെ ഡിവി വിജേഷ് മുന്നിലെത്തി. ആദ്യ ദിവസത്തെ നാലു റൗണ്ടിലും ഒമ്പതുവയസ്സുകാരി ഡിവി വിജയിച്ചു.

✪✪✪

തായ്‌ലന്റ് ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റ് പുരുഷ ഡബിൾസ് ഫൈനലിൽ ഇന്ന് ഇന്ത്യയുടെ സാത്വിക് സായ്‌രാജ് രെങ്കിറെഡ്ഡി- ചിരാഗ് ഷെട്ടി സഖ്യം, ചൈനയുടെ ചെൻ ബൊയാങ്- ലി യൂ സഖ്യത്തെ നേരിടും. ചൈനീസ് തായ്പേയ് താരങ്ങളെ പരാജയപ്പെടുത്തിയാണ് അവർ ഫൈനലിലെത്തിയത്.

✪✪✪

അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ് ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന കുട്ടിയുടെ ആരോഗ്യനിലയിൽ

മാറ്റമില്ല. കുട്ടി ഇപ്പോഴും തീവ്ര പരിചരണ വിഭാഗത്തിലാണ്. മലപ്പുറം മൂന്നിയൂർ പഞ്ചായത്തിലെ 5 വയസ്സുകാരിക്കാണ് രോഗം സ്ഥിരീകരിച്ചത്.

✪✪✪

ശബരിമല പ്രതിഷ്ഠാദിനമായ ഇന്ന് സന്നിധാനത്ത് തന്ത്രിയുടെ മുഖ്യ കാർമികത്വത്തിൽ ഉച്ചയ്ക്ക് മുൻപ് കലശാഭിഷേകം പൂർത്തിയാകും. സന്നിധാനത്ത് വലിയ ജനത്തിരക്ക് അനുഭവപ്പെടുന്നുണ്ട്. ഇടവമാസ പൂജ, ശബരിമല പ്രതിഷ്ഠാദിനം എന്നിവയ്ക്കായി തുറന്ന ശബരിമല ക്ഷേത്രം പൂജകൾ പൂർത്തിയാക്കി ഇന്ന് രാത്രി 10ന് അടയ്ക്കും.

✪✪✪

കേരളം, തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിൽ കാട്ടാനകളുടെ കണക്കെടുക്കാൻ തീരുമാനിച്ചു. വന്യജീവി പ്രശ്നങ്ങൾ ഉൾപ്പെടെ കൈകാര്യം ചെയ്യാൻ രൂപീകരിച്ച അന്തർ സംസ്ഥാന co ordination കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് നടപടി. കേരളത്തിലെ കാട്ടാനകളുടെ എണ്ണം തിട്ടപ്പെടുത്താൻ ഈമാസം 23,24,25 തീയതികളിൽ കണക്കെടുപ്പ് നടത്തും. തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ് സംസ്ഥാനങ്ങളും ഇതേ ദിവസം തന്നെ അവരുടെ കാടുകളിൽ ആനകളുടെ കണക്കെടുക്കും.

ഇതിനായി നിയോഗിച്ച ഉദ്യോഗസ്ഥർക്ക് പാലക്കാട്, കോട്ടയം, പറമ്പിക്കുളം എന്നിവിടങ്ങളിൽ പരിശീലനം ആരംഭിച്ചതായി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററും

**ചീഫ് വൈൽഡ് ലൈഫ് വാർഡനുമായ D. ജയപ്രസാദ് അറിയിച്ചു.**